മാവേലിക്കര റൈസ് ബയോപാർക്ക്

167 (3141) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യത്തിന് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

മാവേലിക്കര ജില്ല കൃഷിത്തോട്ടത്തിൽ റൈസ് ബയോപാർക്ക് ആരംഭിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ ; റൈസ് ബയോപാർക്കിന്റെ പ്രവർത്തനങ്ങൾ വിശദമാക്കുമോ ; റൈസ് ബയോപാർക്ക് ആരംഭിക്കുന്നതിനായി സ്വീകരിച്ച നടപടി ക്രമങ്ങളുടെ വിശദാംശങ്ങൾ വ്യക്തമാക്കുമോ ?

ഉത്തരം

റൈസ് ബയോപാർക്ക് സ്ഥാപിക്കുന്നതിനായി മാവേലിക്കര ജില്ല കൃഷി തോട്ടത്തിലെ സ്ഥലം പ്രാരംഭമായി കണ്ടെത്തിയിട്ടുണ്ട്. എന്നാൽ റൈസ് ബയോപാർക്ക് ആരംഭിക്കുന്നതിനുള്ള പ്രാരംഭ നടപടികൾ ആരംഭിച്ചിട്ടുണ്ട്.

കൊയിലാണ്ടി നിയോജക മണ്ഡലത്തിലെ നിറവ് പദ്ധതി

168 (3142) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നിറവ് പദ്ധതിയിൽ ഉൾപ്പെട്ട വകുപ്പുകൾ ഏതെല്ലാമെന്ന് വ്യക്തമാക്കുമോ ;

(ബി) കൊയിലാണ്ടി നിയോജക മണ്ഡലത്തിൽ നിറവ് പദ്ധതിയിൽ ഇതുവരെ എത്ര പദ്ധതികൾ തയ്യാറാക്കി സമർപ്പിച്ചിട്ടുണ്ട് ; ഇതിൽ ഏതെല്ലാം അംഗീകരിച്ചു ; എത്ര രൂപ അനുവദിച്ചു ; വിശദമാക്കുമോ ;

(സി) കൃഷി വകുപ്പിന് കീഴിൽ എത്ര പദ്ധതികൾ തയ്യാറാക്കി സമർപ്പിച്ചു അവ ഏതെല്ലാം ; പദ്ധതികളുടെ പകർപ്പുകൾ ലഭ്യമാക്കാമോ ;

(ഡി) കൃഷി വകുപ്പിൽ ഇതുവരെ നിറവ് പദ്ധതിയിൽ കൊയിലാണ്ടി മണ്ഡലത്തിൽ എത്ര രൂപയുടെ പദ്ധതികൾ അംഗീകരിച്ചു ; പഞ്ചായത്ത് തിരിച്ച് വിശദമാക്കാമോ ;

(ഇ) പദ്ധതി നടപ്പാക്കുന്നതിനായി കൊയിലാണ്ടിയിൽ വിവിധ വകുപ്പുകളെ ഏകോപിപ്പിച്ച് കൊണ്ട് പദ്ധതികളുടെ രൂപരേഖ തയ്യാറാക്കാൻ കൃഷി വകുപ്പിന് ഇതുവരെ കഴിഞ്ഞിട്ടില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) കാർഷിക മേഖലയുടെ സമഗ്ര വികസനം ലക്ഷ്യമാക്കുന്ന നിറവ് പദ്ധതിയിൽ കൃഷി വകുപ്പ്, മൃഗ സംരക്ഷണ വകുപ്പ്, ക്ഷീര വികസന വകുപ്പ്, ഫിഷറീസ് വകുപ്പ്, ചെറുകിട ജലസേചന വകുപ്പ് എന്നിവ ഉൾപ്പെടുന്നു.

(ബി-ഡി) 2014-15 വർഷത്തിൽ തെരഞ്ഞെടുക്കപ്പെട്ട നിറവ് മണ്ഡലമാണ് കൊയിലാണ്ടി. എം.എൽ.എ.-യുടെ നേതൃത്വത്തിൽ മണ്ഡലാടിസ്ഥാനത്തിലുള്ള ആദ്യ യോഗം 22-12-2014-നും രണ്ടാമത്തെ യോഗം 31-12-2014-നും കൂടിയതായി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ടി യോഗങ്ങളിൽവച്ച് കൃഷി വകുപ്പും ഇതര വകുപ്പുകളും നടപ്പിലാക്കേണ്ട പദ്ധതികളുടെ ഒരു രൂപരേഖ ഉണ്ടാക്കുന്നതിനുള്ള പ്രാരംഭ നടപടികൾ പൂർത്തിയായിട്ടുള്ളതായും ജില്ലാ ഓഫീസർ അറിയിച്ചിട്ടുണ്ട്.

(ഇ) ഇല്ല. വിവിധ വകുപ്പുകളെ ഏകോപിപ്പിച്ചുകൊണ്ട് കൃഷി വകുപ്പ് പദ്ധതി നിർവ്വഹണത്തിന്റെ പ്രാരംഭ ഘട്ടത്തിലാണ്.

കന്മനംഗലം പഞ്ചായത്തിലെ കൃഷി നാശം

169 (3143) ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2014 ഏപ്രിൽ 14-ലെ ചുഴലിക്കാറ്റിൽ കന്മനംഗലം പഞ്ചായത്തിലെ 161 കർഷകരുടെ വാഴകൃഷി മൊത്തമായി നശിച്ചുപോയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ കർഷകർക്ക് നഷ്ടപരിഹാരം ലഭ്യമാക്കാതിരുന്നത് എന്തു കൊണ്ടാണെന്ന് വ്യക്തമാക്കാമോ ;

(സി) കർഷകർക്ക് അർഹതപ്പെട്ട നഷ്ടപരിഹാരം എന്നത്തേക്ക് ലഭ്യമാക്കുമെന്ന് വിശദമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

LIBRARY ARCHIVES Kerala Legislative Assembly